**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 410** **14-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശ പ്രകാരം ഒന്നാം ക്ലാസിൽ ചേരുന്നതിന് ആറ് വയസ്സ് നിർബന്ധമാക്കണമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2021 മാർച്ച് 31-ന് കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ് ഡി.ഒ. നമ്പർ. 9-2/20-IS-3 കത്ത് പ്രകാരം, സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും സ്കൂളുകളിലെ വിവിധ ക്ലാസുകളിലെ പ്രവേശനത്തിന് നിർദ്ദേശിച്ചിട്ടുള്ള പ്രായ മാനദണ്ഡങ്ങളിലെ അപാകത സംബന്ധിച്ച് രക്ഷിതാക്കളിൽ നിന്നും മാധ്യമങ്ങളിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇത് മറ്റ് സംസ്ഥാനങ്ങളിലെ പ്രവേശനത്തിനും യോഗ്യതാ പരീക്ഷകളിൽ നിശ്ചിതപ്രായത്തിൽ പങ്കെടുക്കുന്നതിനും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും അറിയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ NEP 2020, RTE നിയമം, 2009 എന്നിവയുടെ വ്യവസ്ഥകൾ കണക്കിലെടുത്ത്, എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും പ്രവേശന പ്രായം 6 വയസ്സിന് മുകളിലുള്ളവർക്ക് 1-ാം ക്ലാസിലേക്ക് പ്രവേശനം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ നിർദേശം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സ്കൂൾ പ്രവേശന പ്രായം കേരളത്തിൽ നിലവിൽ അഞ്ച് വയസ്സാണ്. ഇക്കാര്യത്തിൽ പൊതു സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും അക്കാദമിക വിദഗ്ധരുടെയും അഭിപ്രായം പരിഗണിച്ച് മാത്രമേ മാറ്റം വരുത്താനാവൂ. |
| (സി) | ദേശീയ വിദ്യാഭ്യാസ നയപ്രകാരം പ്രീ പ്രൈമറി തലത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നിർദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | → പ്രീ സ്കൂളുകളുമായി ബന്ധപ്പെട്ട് ദേശീയ വിദ്യാഭ്യാസ നയം 2020 നിർദ്ദേശിക്കുന്നത് 2030 ഓടു കൂടി എല്ലാവർക്കും പ്രീ സ്കൂൾ അവസര ലഭ്യത ഉറപ്പാക്കണമെന്നാണ്.<br><br>→ ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കി പ്രീസ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണം. ദേശീയ |

| | | | |
|---|---|---|---|
| | | | പാഠ്യപദ്ധതിയെയും ദേശീയ തലത്തിലെ പെഡഗോഗിക്കൽ ചട്ടക്കൂടിനെയും ചുവടുപിടിച്ച് സംസ്ഥാനങ്ങൾ പാഠ്യപദ്ധതി ചട്ടക്കൂടും, പാഠ്യപദ്ധതിയും തയ്യാറാക്കണം.<br><br>→ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശത്തിനനുസരിച്ച് ആദ്യകാല ശൈശവ പരിചരണത്തിനും വികാസത്തിനുമുള്ള സ്ഥാപനങ്ങൾ ഉറപ്പാക്കണം.<br><br>→ അങ്കണവാടികളെ അക്കാദമികമായും ഭൗതികമായും ശക്തിപ്പെടുത്തണം.<br><br>→ ഒന്നാം ക്ലാസിൽ പ്രവേശിക്കുന്നതിനു മുമ്പായി ബാലവാടിക (പ്രിപ്പറേറ്ററി ക്ലാസ്) സജ്ജമാക്കണം.<br><br>→ സ്കൂൾ അധ്യാപകർക്ക് നിരന്തരവും സമഗ്രവുമായ അധ്യാപക പരിശീലനം ഒരുക്കണം.<br><br>→ പിന്നോക്കം നിൽക്കുന്ന മലയോര മേഖലപോലുള്ള പ്രദേശങ്ങളിൽ ആദ്യകാല ശൈശവ പരിചരണത്തിനും വികാസത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കണം. |

സെക്ഷൻ ഓഫീസർ